വളരെ അടിയന്തിരം

കെ2 /43474/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 24.11.2018

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവൺമെന്റ് കോളേജുകൾ, ഹോസ്റ്റലുകൾ, ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിലെ റവന്യൂ ശീർഷകത്തിലെ കുടിശ്ശിക വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 29.10.2018-ലെ നമ്പർ 2282187/ആർ.എം.സി2/2018/ധന നമ്പർ സർക്കാർ കത്ത്

---------

സൂചന പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ 0202-01-103-99, 0202-01-103-95, 0202-01-103-98 എന്നീ ശീർഷകങ്ങളിലെ 2018 ജനുവരി 31 വരെയുള്ള റവന്യൂ കുടിശ്ശിക അറിയിക്കാനും, 5 വർഷത്തിലേറെയായി പിരിച്ചെടുക്കാതെ അവശേഷിക്കുന്ന റവന്യൂ കുടിശ്ശിക അറിയിക്കാനും ബഹുമാനപ്പെട്ട സർക്കാർ അറിയിച്ചിട്ടുണ്ട്. നിയമസഭാ സമ്മേളനത്തിൽ ലഭ്യമാക്കേണ്ട പ്രസ്തുത വിവരങ്ങൾ 27.11.2018 മുമ്പായി ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്/-)
ഡോ.ഡി.കെ.സതീഷ്
അഡീഷണൽ ഡയറക്ടർ (ഇൻ ചാർജ്ജ്)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

Prema.b
സൂപ്രണ്ട്

എസ്.ആർ/24.11.2018

G 43474/18

<u>*By Special Messenger*</u>

*നിയമസഭാചോദ്യം/അടിയന്തിരം*
*ഓർമ്മക്കുറിപ്പ്*

**കേരള സർക്കാർ**

നം.2282187/ആർ.എം.സി-2/2018/ധന.

ധനകാര്യ (ആർ.എം.സി) വകുപ്പ്
തിരുവനന്തപുരം
തീയതി : 29.10.2018

പ്രേഷിതൻ
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

സ്വീകർത്താവ്
ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: പതിനാലാം കേരളനിയമസഭ പത്താം സമ്മേളനം - നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1901-ന് മറുപടി ലഭ്യമാക്കാത്തത് - സംബന്ധിച്ച്

സൂചന: 1. നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 1901 (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുള്ളത്)
2. 03.03.2018 ലെ ഇതേ നമ്പർ കത്ത്.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) ൽ പരാമർശിക്കുന്ന നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന് മറുപടി നൽകുന്നതിലേക്കായി താങ്കളുടെ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെയായി ടി വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേൽ നിയമസഭാ ചോദ്യത്തിനുള്ള മറുപടി മടക്കത്തപാലിൽ ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു.

**വിശ്വസ്തതയോടെ,**

**പ്രവീൺകുമാർ.പി**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**
**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി**

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

2018 മാർച്ച് 08, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**2017-2018 സാമ്പത്തിക വർഷത്തിലെ റവന്യൂ കുടിശ്ശിക**

1901. ശ്രീ.കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തിലെ 2018 ജനുവരി 31 വരെയുള്ള റവന്യൂ കുടിശ്ശിക എത്രയാണ്; ഈ കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഒരോ വകുപ്പിലും അഞ്ചു വർഷത്തിലേറെയായി പിരിച്ചെടുക്കാനുള്ള റവന്യൂ കുടിശ്ശിക എത്രയാണ്; വകുപ്പ് തിരിച്ച കണക്ക് നല്കുമോ; കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?